# കൃഷ്ണഭക്തിയുടെ ജൻമാഷ്ടമി

**മാതാ അമൃതാനന്ദമയി**




ദ്വാപരയുഗത്തിൽ വസുദേവർക്കും ദേവകിക്കും പുത്രനായി ജനിച്ച ശ്രീകൃഷ്ണന്റെ ജന്മനക്ഷത്രമാണ് അഷ്ടമിരോഹിണി. എന്നാൽ ജനനമരണങ്ങളില്ലാത്ത ഭഗവാൻ ശ്രീകൃഷ്ണൻ എല്ലായിടവും നിറഞ്ഞ ചൈതന്യമായി ഇന്നും ജീവിക്കുന്നു. ആ കൃഷ്ണൻ നമ്മുടെ ഉള്ളിലെ പ്രേമമാകുന്ന ഗർഭപാത്രത്തിൽ ജനിക്കേണ്ടതാണ്.

ജീവിതത്തിൽ സംഭവിക്കുന്ന ജയവും പരാജയവും ഒരുപോലെ ആഘോഷിക്കാൻ കഴിയുന്നവർ വളരെ കുറവാണ്. ശ്രീകൃഷ്ണൻ രണ്ടും തുല്യപ്രാധാന്യത്തോടെ ആഘോഷിച്ച കൂട്ടത്തിലാണ്. അതുകൊണ്ടാണ് അദ്ദേഹത്തിന് എപ്പോഴും ചിരിക്കാൻ കഴിഞ്ഞത്.

ചിരിച്ചുകൊണ്ടു ജനിച്ച്, ചിരിച്ചുകൊണ്ടു ജീവിച്ച് ചിരിച്ചുകൊണ്ടു ശരീരം വെടിഞ്ഞ ഭഗവാൻ ശ്രീകൃഷ്ണന്റെ തിരുനാളായ അഷ്ടമിരോഹിണി ജീവിതം ഒരു വലിയ പൊട്ടിച്ചിരിയാക്കാനുള്ള സന്ദേശമാണു നമുക്കു നൽകുന്നത്. ചെറിയ ചെറിയ ഉത്തരവാദിത്തങ്ങളിൽ വലിയ അഭിമാനംകൊണ്ട് അഹങ്കരിക്കുന്നവരാണു നമ്മൾ. എന്നാൽ കൊച്ചുകൊച്ചു ജീവിതഭാരങ്ങൾ ചുമക്കുമ്പോൾ ചിരിക്കാനും സന്തോഷിക്കാനും നമ്മൾ പലപ്പോഴും മറന്നുപോകുന്നു.

നേരേമറിച്ച് കൃഷ്ണനെ നോക്കൂ; എത്രയായിരുന്നു അദ്ദേഹത്തിന്റെ ഉത്തരവാദിത്തങ്ങൾ. ഏതെല്ലാം കർമരംഗങ്ങളിലായിരുന്നു ആ മഹാത്മാവ് ഏർപ്പെട്ടിരുന്നത്. എല്ലാം ഭംഗിയായി നിറവേറി. വലിപ്പച്ചെറുപ്പമില്ലാതെ സകല ജോലികളും ഒരേപോലെ ഏറ്റെടുക്കയും പൂർണതയിൽ കൊണ്ടെത്തിക്കയും ചെയ്തു.

തലയിൽ ഭാരവും ചുമന്നുനിൽക്കുന്ന ഒരാളോടു നല്ലൊരു തമാശ പറഞ്ഞുനോക്കൂ. ഭാരത്തിന്റെ കാഠിന്യം കാരണം അയാൾ ചിരിക്കില്ല, ചിരിക്കാൻ കഴിയില്ല. ഭഗവാൻ കൃഷ്ണൻ അങ്ങനെയായിരുന്നില്ല. ഹിമാലയപർവതംപോലെ ചുമതലകളുണ്ടായിരുന്നു. പക്ഷേ, ഒരിക്കൽപോലും ചിരിക്കാൻ മറന്നില്ല.

യുദ്ധത്തിൽ പരാജയപ്പെട്ടിട്ടുണ്ടു കൃഷ്ണൻ. പുഞ്ചിരിയോടെ തോൽവി ഏറ്റുവാങ്ങിയിട്ടുമുണ്ട്. അതിന് അദ്ദേഹത്തിനു യാതൊരു മടിയുമുണ്ടായിട്ടില്ല. പരാജയത്തിന്റെ ഉത്തരവാദിത്തം സ്വയം

ഏറ്റെടുക്കാതെ മറ്റുള്ളവരുടെ തലയിൽ കെട്ടിവയ്ക്കുന്നവരാണു സമൂഹത്തിൽ കൂടുതലും. എന്നാൽ ജയിച്ചാലോ? അതു തന്റെ കഴിവും. പക്ഷേ, അത്തരക്കാരനായിരുന്നില്ല ശ്രീകൃഷ്ണൻ. തോൽവിയുടെ പൂർണചുമതല തുറന്ന മനസ്സോടെ ഏറ്റെടുക്കാനുള്ള മാതൃകയും ചങ്കൂറ്റവും കൃഷ്ണനെപ്പോലെ മറ്റാരും നമുക്കു കാട്ടിത്തന്നിട്ടില്ല.



ജീവിതത്തിൽ ജയം മാത്രമേ സ്വീകരിക്കൂ എന്ന മനോഭാവം തെറ്റാണ്. പരാജയത്തെയും സ്വാഗതം ചെയ്യാൻ കഴിയണം. ജയത്തിന്റെയും തോൽവിയുടെയും എണ്ണവും കണക്കും നോക്കിയല്ല ജീവിതത്തെ വിലയിരുത്തുന്നത്. നേരേമറിച്ച്, അതിന്റെ രണ്ടിന്റെയും ആകെത്തുകയാണു ജീവിതമെന്നാണു ശ്രീകൃഷ്ണന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്. അൽപസ്വൽപം സ്ഥാനമാനങ്ങൾ കിട്ടിയാൽ അതിന്റെ ഹുങ്കു തലയ്ക്കുപിടിച്ച്, താൻ മനുഷ്യനാണെന്ന കാര്യംപോലും മറന്നുപോകുന്നവരാണിന്നു സമൂഹത്തിൽ ഏറെ.

എന്നാൽ, സർവശക്തനായിട്ടും സ്വന്തം ശക്തിയിൽ അൽപ ംപോലും അഹന്തയില്ലായിരുന്നു ഭഗവാന്. സാധാരണക്കാരനാകേണ്ട സന്ദർഭങ്ങളിൽ സാധാരണക്കാരിൽ സാധാരണക്കാരനായി കണ്ണൻ. ഭൂമിയോളം ക്ഷമിച്ചു. എന്നാൽ തീരെ നിവൃത്തിയില്ലാതെ വന്നപ്പോൾ പൗണ്ഡ്രകവാസുദേവന്മാരെപ്പോലുള്ള ദുരഭിമാനികളെ നല്ല പാഠം പഠിപ്പിക്കയും ചെയ്തു.

സദാ കർമനിരതനായ കൃഷ്ണൻ ജീവിതത്തിൽ തനിക്ക് അണിയാൻ വച്ചുനീട്ടിയ വേഷങ്ങളെല്ലാം സന്തോഷത്തോടെ അണിഞ്ഞു. എല്ലാം വൈവിധ്യമാർന്ന വേഷങ്ങളായിരുന്നു. രാജാവിന്റെയും പ്രജയുടെയും അച്ഛന്റെയും സഹപാഠിയുടെയും സഹോദരന്റെയും യോദ്ധാവിന്റെയും ദൂതന്റെയു ം ഗോപികാനാഥന്റെയും തേരാളിയുടെയും ഭക്തവൽസനായ ഭഗവാന്റെയും അങ്ങനെ ഒരുപാടൊരുപാടു വേഷങ്ങൾ. എല്ലാ വേഷവും കെട്ടി, പൂർണമായി ആടുകയും ചെയ്തു. ഒന്നും പകുതിയാക്കിയില്ല. മുഴുവനാക്കിയിട്ടേ വേഷങ്ങളൊക്കെ അഴിച്ചുവച്ചുള്ളൂ.

എല്ലാവരെയും എല്ലാത്തിനെയും ഒരുപോലെ തഴുകിത്തലോടിയ ഒരു കുളിർകാറ്റുപോലെയായിരുന്നു കൃഷ്ണന്റെ ജീവിതം. ഒരു മുറിയിൽനിന്നു മറ്റൊരു മുറിയിലേക്കു പോകുന്ന ലാഘവത്തോടെയായിരുന്നു അദ്ദേഹത്തിന്റെ ജീവിതയാത്ര.

തന്നോടു ബന്ധപ്പെട്ടവർക്കെല്ലാം സന്തോഷം വാരിവിതറിക്കൊടുത്ത ആ പരമാത്മാവു ശരീരം വെടിഞ്ഞപ്പോഴും സ്വന്തം കാലിൽ അമ്പെയ്ത വേടനു പരമപദം നൽകി അനുഗ്രഹിച്ചിട്ടാണു യാത്രയായത്.

ശ്രീകൃഷ്ണന്റെ ബാലലീലകളെ ഓർമിപ്പിക്കുന്ന ഉറിയടി മഹോൽസവത്തോടെ നാടെങ്ങും ശ്രീകൃഷ്ണാഷ്ടമി ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ ആ പുണ്യപുരുഷന്റെ ജീവിതത്തോടുള്ള ആനന്ദകരമായ സമീപനവും കർമകുശലതയും മറക്കാതെ എല്ലാവരുടെയും ഓർമയിൽ ഉണ്ടാകട്ടെയെന്നു പ്രാർഥിക്കുന്നു. ആ കാലടികളെ പിന്തുടരാനുള്ള ശക്തിയും വീര്യവും എല്ലാവരിലും നിറയട്ടെയെന്നും ആശംസിക്കുന്നു.